**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5270** **21-07-2022 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | കുറ്റിപ്പുറം ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 30/10/2019ലെ സ.ഉ (സാധാ) നം. 1945/2019/ ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം 4202-02-103-99 Plan ശീർഷകത്തിൽ 300 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത നിർമ്മാണത്തിന്റെ രൂപ കൽപന പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചർ വിഭാഗത്തിലും, ഘടനാപരമായ ഡ്രോയിംഗ് പൊതുമരാമത്ത് ഡ്രോയിംഗ് വിഭാഗത്തിലും പൂർത്തിയായി വരുന്നു. മണ്ണ് പരിശോധനയുമായി ബന്ധപ്പെട്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പുതിയ ഡി.എസ്.ആർ. പ്രകാരം പുനർ നിർണ്ണയിച്ച പ്രവൃത്തിയുടെ അടങ്കലിന് പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോയെന്നും ആയതിൻമേൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ; പുതുക്കിയ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുമോ? | (ബി) | പൈൽ ഫൌണ്ടേഷൻ ഉൾപ്പെടെയുള്ള മാറ്റങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ DSoR-2018 പ്രകാരം പുനർനിർണ്ണയിച്ച 5,54,40,000/- രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിലേക്കായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. എന്നാൽ "Architectural drawing ഉം Structural design ഉം അടിസ്ഥാനമാക്കിയുള്ള പുതുക്കിയ എസ്റ്റിമേറ്റ്, മണ്ണ് പര്യവേഷണത്തിൽ യോഗ്യരായിട്ടുള്ളവരുടെ Geotechnical ശിപാർശ സഹിതം സമർപ്പിക്കുന്നതിന് 04.07.2022 ലെ J2/92/2022/HEdn നമ്പർ സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ